എ2/5102/2020/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം ,തീയതി 27.8.2020

**കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ -കമ്പ്യൂട്ടർ സയൻസ് വിഭാഗം പൊതു സ്ഥലം മാറ്റം 2020-2021 -കരട് ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു**

പരാമർശം:

1.ഈ ഓഫീസിലെ 08/ 01 / 2020 തീയതിയിലെ എ 1 / 60002 / 2020 നമ്പർ സർക്കുലർ
2.ജി ഒ (എം.എസ്)നമ്പർ 27/1994/ ഉ.വി.വ തീയതി 21/ 02 / 1994
3.ജി ഒ (എം.എസ്)നമ്പർ 114/ 2004 ഉ.വി.വ തീയതി 01/ 08/ 2004
4.ജി ഒ (പി )നമ്പർ 01/ 2005 / ഉ.വി.വ തീയതി 04/ 01/ 2006
5.ജി ഒ (പി)നമ്പർ 06/ 2007 പി & ആർ ഡി തീയതി 04/ 12/ 2007
6.02/06/2020 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക
7.ശ്രീ.സജീവ് കൃഷ്ണൻ എം. എ യുടെ 04.07 2020 ലെ അപേക്ഷ
8.ജി ഒ (എം.എസ്)നമ്പർ 130/2017 / ഉ.വി.വ തീയതി 16/ 05/ 2017
9.സ. ഉ (പി ) നമ്പർ 03/ 2017/ ഉ. ഭ. പ . വ തീയതി 25/ 02/ 2017

**ഉത്തരവ്**

കംപ്യൂട്ടർ സയൻസ് അദ്ധ്യാപകരുടെ 2020-21 ലെ പരാമർശം (6) പ്രകാരമുള്ള കരട് സ്ഥലം മാറ്റ ഉത്തരവിൽ ഗവ.വിക്ടോറിയ കോളേജ് അദ്ധ്യാപകൻ ശ്രീ.സജീവ് കൃഷ്ണൻ എം.എ യ്ക്ക് ശ്രീ.സി അച്യുതമേനോൻ ഗവ.കോളേജിലെ നിലവിലെ ഒഴിവിൽ സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു.എന്നാൽ തനിക്ക് സ്ഥലം മാറ്റം ലഭിച്ചാൽ ഗവ.വിക്ടോറിയ കോളേജിൽ സ്ഥിരാദ്ധ്യാപകർ ആരുമില്ലാതാകുകയും കുട്ടികളുടെ അധ്യയനത്തെ ബാധിക്കുമെന്നും ആയതിനാൽ പൊതുസ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടികയിൽ നിന്നും തന്നെ ഒഴിവാക്കി ഗവ.വിക്ടോറിയ കോളേജിൽ നിലനിർത്തണമെന്നും പരാമർശം (7) പ്രകാരം ശ്രീ.സജീവ് കൃഷ്ണൻ എം.എ അപേക്ഷ നൽകിയിട്ടുണ്ട്.

ടി അദ്ധ്യാപകന്റെ അപേക്ഷ പരിഗണിച്ച് പരാമർശം (6) പ്രകാരമുള്ള സ്ഥലം മാറ്റം കരട് പട്ടികയിലെ ശിപാർശ റദ്ദ് ചെയ്തുകൊണ്ടും ശ്രീ.സജീവ് കൃഷ്ണൻ എം.എ യെ നിലവിൽ ജോലി ചെയ്യുന്ന ഗവ.വിക്ടോറിയ കോളേജിൽ നിലനിർത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**വിഘ്നേശ്വരി വി. ഐ .എ എസ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകന്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.കരുതൽ ഫയൽ /ഓഫീസ് ഫയൽ

അംഗീകാരത്തോടെ
സൂപ്രണ്ട്